**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2912** **22-01-2021 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറയിലെ കരിയർ ഡെവലപ്മെന്റ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിൽ നിർമ്മിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | (എ) | തൃപ്പൂണിത്തുറ കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ കെട്ടിടത്തിന്റെ ഭിത്തി നിർമ്മാണം 90% പൂർത്തിയായിട്ടുണ്ട്. ബാത്ത്റൂമുകളുടെ ഭിത്തി നിർമ്മാണം പൂർത്തിയായി. ട്രെസ്സ് വർക്ക്, റൂഫ് വിരിക്കുന്ന ജോലികൾ എന്നിവ 90% പൂർത്തിയായിട്ടുണ്ട്. പാരപെറ്റ് ഭിത്തികൾ പ്ലാസ്റ്റർ ചെയ്യുന്ന ജോലികൾ നടന്നു വരുന്നു. പ്ലംബിംഗ് ജോലികളും പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | (ബി) | തൃപ്പൂണിത്തുറ കരിയർ ഡവലപ്പ്മെന്റ് സെന്റർ നിർമ്മാണത്തിനായി 1,18,90,000/- (ഒരു കോടി പതിനെട്ട് ലക്ഷത്തി തൊണ്ണൂറായിരം മാത്രം) രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ 23,78,000/- രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി യെട്ടായിരം മാത്രം) ആദ്യ ഗഡുവായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് (TDLCCS) അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ